EMERGENCY CALLS

POLICE
ഹൈവേ പൊലീസ്
കൺട്രോൾ റൂം 9846100100
വനിതാ ഹെൽപ്പ്‌ലൈൻ 9995399953
ക്രൈം സ്റ്റോപ്പർ 1090
പൊലീസ് കൺട്രോൾ റൂം 100
സൈബർ സെൽ 2329107
ഡി.ജി.പി 9497999999
കമ്മിഷണർ 9497996991

HOSPITAL
അനന്തപുരി 2579900
കിംസ് 2447575
എസ് യു ടി 4077777, 4177777
ശിവഗിരി ശ്രീനാരായണ മെഡി. മിഷൻ ഹോസ്പിറ്റൽ,
വർക്കല : 0470 2602248, 2602249

നിർദ്ദേശങ്ങൾക്കും പരാതികൾക്കും
ഇ-മെയിൽ : suggestions@kaumudi.com
9946103701, ഫോൺ: 9946108240 (എഡിറ്റോറിയൽ)
9645089898 (സർക്കുലേഷൻ)

പ്രാദേശികം

കേരളകൗമുദി
13 ജനുവരി 2018 ശനി
തിരുവനന്തപുരം

03

www.keralakaumudi.com www.facebook.com/keralakaumudi

സംസ്ഥാന സ്കൂൾകലോത്സവത്തിൽ ഹയർ സെക്കൻഡറി വിഭാഗം ഇംഗ്ലീഷ് കഥാരചനയിൽ എ ഗ്രേഡ് നേടിയ അഷ്ന യാസ്മിൻ. ആറ്റിങ്ങൽ സി.എസ്.ഐ ഹയർ സെക്കൻഡറി സ്കൂളിലെ 12-ാം ക്ലാസ് വിദ്യാർത്ഥിനിയും തിരുവനന്തപുരം ആർ.ടി.ഒ ഓഫീസിലെ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ അബ്ദുൾ ബാരിയുടെയും ആദിൽ ഗേൾസ് ഹയർസെക്കൻഡറി സ്കൂളിലെ അദ്ധ്യാപികയായ സീനമോളുടെയും മകളുമാണ്.

സംസ്ഥാന സ്കൂൾകലോത്സവത്തിൽ ഹയർ സെക്കൻഡറി വിഭാഗം ലളിതഗാനമത്സരത്തിന് എ ഗ്രേഡ് നേടിയ കൊല്ലം പട്ടത്താനം വിമലഹൃദയ ജി എച്ച്.എസ്.എസിലെ മീനാക്ഷി സുരേഷ്. സംഘഗാനത്തിനും മീനാക്ഷി ഉൾപ്പെട്ട ടീമിന് എ ഗ്രേഡ് ലഭിച്ചിരുന്നു

സെന്റ് തോമസ് സെൻട്രൽ സ്കൂൾ വാർഷികാഘോഷം

പേരൂർക്കട: മുക്കോലയ്ക്കൽ സെന്റ്തോമസ് സെൻട്രൽ സ്കൂളിന്റെ 27-ാം വാർഷികദിനാഘോഷം മുംബയ് ആദായനികുതി വകുപ്പ് അസി: കമ്മിഷണർ പ്രിയങ്ക തോമസ് ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ സെബാസ്റ്റ്യൻ ടി. ജോസഫ് വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. ഹെഡ്ബോയ് ജോനാഥൻ ഇടിക്കുള എബ്രഹാം, ഹെഡ് ഗേൾ ജാസ്മിൻ നൗർ തുടങ്ങിയവർ സംസാരിച്ചു.

ബഡ്ജറ്റിൽ ജനതാ ഹോട്ടലുകൾ ഉൾപ്പെടുത്തണം

തിരുവനന്തപുരം: അടുത്ത സംസ്ഥാന ബഡ്ജറ്റിൽ ജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ ഭക്ഷണം ലഭിക്കുന്ന സർക്കാർ ഉടമസ്ഥതയിലുള്ള "ജനതാ ഹോട്ടലുകൾ" ആരംഭിക്കാനുള്ള പദ്ധതി ഉൾപ്പെടുത്തണമെന്ന് എസ്.ആർ.പി (എസ്) സംസ്ഥാന ചെയർമാൻ അഡ്വ. എ.എൻ. പ്രേംലാൽ ആവശ്യപ്പെട്ടു. പാർട്ടി 11-ാം സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് ചേർന്ന പ്രവർത്തക സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പൂർണ ഹോട്ടൽ ഓഡിറ്റോറിയത്തിൽ ചേർന്ന സമ്മേളനത്തിൽ ജനറൽ സെക്രട്ടറി പോത്തൻകോട് രാജീവ് പണിക്കർ അദ്ധ്യക്ഷത വഹിച്ചു.

നരുവാമൂട് കെ. കുമാർ, കൗസല്യ ശ്രീധർ, കെ. സുരേന്ദ്രൻ നായർ, രാജൻ അരുവിക്കര, നെല്ലിമൂട് ഷിബു, പ്രാവച്ചമ്പലം വി. സതീശൻ, പുല്ലുവിള ആർ. ശരത്ചന്ദ്രൻ, വെഞ്ഞാറമൂട് ദിലീപ്, ബീമാപള്ളി സെയിദ് തുടങ്ങിയർ പ്രസംഗിച്ചു.

സ്വാഗതസംഘം രൂപീകരിച്ചു

തിരുവനന്തപുരം: സി.എസ്.ഐ ദക്ഷിണ കേരള മഹാ ഇടവകയുടെ ആത്മീയ സംഗമമായ തിരുവനന്തപുരം കൺവെൻഷൻ 28 മുതൽ ഫെബ്രുവരി 4 വരെ എൽ.എം.എസ് കോമ്പൗണ്ടിൽ നടക്കും. ഇതിന്റെ സ്വാഗത സംഘത്തിന്റെ ഉദ്ഘാടനം ബിഷപ് എ. ധർമ്മരാജ് റസാലം നിർവഹിച്ചു.

ഡോ. എൻ. സെൽവരാജ് (ജനറൽ കൺവീനർ), ഡോ. ജെ. ബെന്നറ്റ് എബ്രഹാം (ഫിനാൻസ് അഡ്മിനിസ്ട്രേറ്റർ), എം. വരദരാജ്, ഡി. ലോറൻസ് (ജോയിന്റ് കൺവീനർമാർ) എന്നിവരാണ് സ്വാഗതസംഘം ഭാരവാഹികൾ

തൈക്കാട്ടെ 'സുരക്ഷിത കൂട്ടിലേക്ക്' ഡോക്ടർമാരുടെ അനധികൃത ചേക്കേറൽ

■ ചിറയിൻകീഴിലെ ഡോക്ടർ ഇരിക്കുന്നത് തൈക്കാട്ട്

■ അനധികൃതർക്ക് കൂട്ട് ഉന്നതസ്വാധീനം

കെ.എസ്. അരവിന്ദ്

തിരുവനന്തപുരം: തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി ഉന്നത സ്വാധീനമുള്ള ഡോക്ടർമാരുടെ സുരക്ഷിതതാവളമാകുന്നു. ആരോഗ്യവകുപ്പ് അധികൃതർ അറിയാതെയാണ് ജൂനിയർ ഡോക്ടർമാർ പോലും ഇവിടേക്കെത്തുന്നത്. ജില്ലയിലെ വിവിധ ആശുപത്രികളിലെ ഗൈനക്കോളജിവിഭാഗം ഡോക്ടർമാർ തൈക്കാട് ആശുപത്രി ലക്ഷ്യമിട്ടുള്ള ചരടുവലി തുടങ്ങിയതോടെ താലൂക്ക് ആശുപത്രികളുടെ പ്രവർത്തനവും താറുമാറായി.

ചിറയിൻകീഴ് ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗം കൺസൾട്ടന്റ് ഡോ. ബിന്ദുവിന്റെ സ്ഥലംമാറ്റമാണ് വിവാദമായിരിക്കുന്നത്. മൂന്ന് മാസം മുമ്പ് ജോലി ക്രമീകരണവ്യവസ്ഥയിലാണ് ഇവർ തൈക്കാട്ടെത്തിയത്. 2016-ലെ കൺസൾട്ടന്റ് പ്രൊമോഷൻ ലിസ്റ്റിലെ സീനിയർ ഡോക്ടർമാരെയുൾപ്പെടെ മറ്റു ജില്ലകളിൽ നിയമിച്ചപ്പോൾ ജൂനിയറായിരുന്ന ബിന്ദുവിനെ പ്രൊമോഷൻ നൽകി തലസ്ഥാനത്ത് നിയമിച്ചത് വിവാദമായിരുന്നു. സംഘടനകൾ പ്രതിഷേധിച്ചതോടെ പ്രശ്നപരിഹാരത്തിനായി അന്നത്തെ ആരോഗ്യ മന്ത്രി ഇടപെട്ട് ഇവരെ മാവേലിക്കരയിൽ നിയമിച്ചു. 2017 ജനവരിയിൽ ചിറയിൻകീഴ് താലൂക്കാശുപത്രിയിൽ ഒഴിവുവന്ന കൺസൾട്ടന്റ് തസ്തികയിലേക്കാണ് ഇവർ വീണ്ടുമെത്തുന്നത്. പിന്നാലെ തൈക്കാട്ടെത്താൻ ശ്രമിച്ചെങ്കിലും ചട്ടവിരുദ്ധമായ സ്ഥലംമാറ്റത്തെ ആരോഗ്യവകുപ്പ് സെക്രട്ടറിയുൾപ്പെടെയുള്ളവർ എതിർത്തു.

ഇക്കഴിഞ്ഞ ഒക്ടോബറിൽ ആരോഗ്യവകുപ്പ് സെക്രട്ടറി, ഡയറക്ടർ എന്നിവർ ഔദ്യോഗിക പരിപാടിയിൽ പങ്കെടുക്കാൻ വിദേശത്ത് പോയ തക്കത്തിലാണ് ഡോ. ബിന്ദു തൈക്കാട്ടെത്തിയത്. മുൻ ജില്ലാ മെഡിക്കൽ ഓഫീസർ അടിയന്തര ഉത്തരവിറക്കുകയായിരുന്നു. ഇപ്പോൾ ജില്ലയിലെ വിവിധ സ്ഥലങ്ങളിലുള്ള ഗൈനക്കോളജി വിഭാഗം ഡോക്ടർമാർ തൈക്കാട്ടേക്കെത്താൻ ജില്ലാ മെഡിക്കൽ ഓഫീസിൽ സമ്മർദ്ദവുമായെത്തുന്നതും പതിവാണ്.

> ചിറയിൻകീഴ് ആശുപത്രിയിൽ ഡോക്ടർ അത്യാവശ്യമാണ്. എന്റെ ഉത്തരവ് പ്രകാരമല്ല ഡോ. ബിന്ദു തൈക്കാട്ട് ജോലി നോക്കുന്നത്. അതിനാൽ ഡോക്ടറെ തിരിച്ച് അയയ്ക്കാൻ കഴിയില്ല. പ്രശ്ന പരിഹാരത്തിന് മറ്റ് വഴികൾ നോക്കുകയാണ്.
>
> **ഡോ. പ്രീത**
> *ജില്ലാ മെഡിക്കൽ ഓഫീസർ*

ചിറയിൻകീഴുകാർ ദുരിതത്തിൽ

ഡോ. ബിന്ദു സ്ഥലം വിട്ടതിന് പിന്നാലെ നാല് ഡോക്ടർമാരുള്ള വിഭാഗത്തിലെ രണ്ടു പേർ അവധിയിൽ പോയതോടെ ചിറയിൻകീഴ് താലൂക്ക് ആശുപത്രിയുടെ താളം തെറ്റി. ഗർഭിണികളടക്കം സ്വകാര്യ ആശുപത്രിയിലോ കിലോമീറ്റർ അകലെയുള്ള തൈക്കാട്ടോ എത്തേണ്ട അവസ്ഥയിലാണ്. ഇതോടെ നാട്ടുകാർ പ്രതിഷേധവുമായി രംഗത്തെത്തി. തുടർന്ന് ചിറയിൻ കീഴ് ആശുപത്രി സൂപ്രണ്ട് ഡോ. ബിന്ദുവിനെ തിരിച്ചു വിളിക്കാൻ ശ്രമിച്ചെങ്കിലും നടന്നില്ല.

> ഡോ. ബിന്ദുവിന്റെ തൈക്കാട്ടേക്കുള്ള സ്ഥലം മാറ്റം സംബന്ധിച്ച കാര്യത്തിൽ ഒരിക്കൽ തീരുമാനമെടുത്തതാണ്. ഇപ്പോൾ എങ്ങനെ സംഭവിച്ചെന്ന് അറിയില്ല. വിഷയം പരിശോധിക്കും.
>
> **രാജീവ് സദാനന്ദൻ,** *ആരോഗ്യ വകുപ്പ് സെക്രട്ടറി*

മാതാ അമൃതാനന്ദമയിക്ക് ഭക്തിനിർഭര വരവേല്പ്; അമൃതോത്സവം ഇന്നും നാളെയും

തിരുവനന്തപുരം: ഇന്നും നാളെയും നടക്കുന്ന അമൃതോത്സവത്തിന് കൈമനം ആശ്രമത്തിൽ എത്തിച്ചേർന്ന മാതാ അമൃതാനന്ദമയിക്ക് ഭക്തിനിർഭരമായ വരവേല്പ്. ഇന്നലെ വൈകിട്ട് ഏഴോടെ എത്തിയ മാതാ അമൃതാനന്ദമയിയെ ഉദയസമുദ്ര ഗ്രൂപ്പ് ചെയർമാൻ രാജശേഖരൻ നായർ പൂർണകുംഭം നൽകി സ്വീകരിച്ചു.

ധീവരസഭ സെക്രട്ടറി പനത്തുറ ബൈജു ഹാരാർപ്പണം നടത്തി. അമൃതോത്സവ കമ്മിറ്റി കൺവീനർ സതീഷ് കുമാർ, ദീപ എന്നിവർ ചേർന്ന് പാദപൂജ ചെയ്തു. ഒ. രാജഗോപാൽ എം.എൽ.എ, കൈമനം ആശ്രമം പ്രതിനിധി ബ്രഹ്മചാരി ശിവാമൃത ചൈതന്യ, അമൃതോത്സവ കമ്മിറ്റി പ്രസിഡന്റ് സജികുമാർ, സെക്രട്ടറി ജയചന്ദ്രകുമാർ, കൺവീനർ റാണി മോഹൻദാസ് തുടങ്ങിയവർ ചേർന്ന് മാതാ അമൃതാനന്ദയിയെ ആശ്രമത്തിലേക്ക് ആനയിച്ചു. വിദേശികളായ അറുനൂറോളം ഭക്തരും അമൃതോത്സവത്തിൽ പങ്കെടുക്കാൻ അമ്മയോടൊപ്പം എത്തിയിട്ടുണ്ട്. ഭക്തരുടെ മന്ത്രോച്ചാരണത്തിനിടെ വേദിയിൽ എത്തിയ അമ്മ പ്രസാദവിതരണം നടത്തി.

ഇന്ന് രാവിലെ പത്തരയ്ക്ക് തിരുവനന്തപുരം ജില്ലയിലെ ആറായിരത്തോളം അമൃതശ്രീ സ്വാശ്രയ സംഘാംഗങ്ങൾക്കുള്ള പ്രവർത്തന മൂലധനം മാതാ അമൃതാനന്ദമയി വിതരണം ചെയ്യും. വിളപ്പിൽ, പെരുങ്കടവിള ബാലരാമപുരം, കിളിമാനൂർ പഞ്ചായത്തുകളിൽ അമൃതാനന്ദമയി മഠം സ്ഥാപിക്കുന്ന പതിനഞ്ച് ജലശുദ്ധീകരണ യൂണിറ്റുകളുടെ പ്രവർത്തനോദ്ഘാടനവും ജില്ലയിൽ നിർമ്മിച്ച 539 ശൗചാലയങ്ങളുടെ സമർപ്പണവും നടക്കും.

തുടർന്ന് സത്സംഗം, ധ്യാനം, ദർശനം. വൈകിട്ട് ഏഴിന് കാളീപൂജ, നാളെ രാവിലെ പത്തരമുതൽ തിങ്കളാഴ്ച രാവിലെ വരെ അമ്മ ഭക്തർക്ക് ദർശനം നൽകും.

അമൃതോത്സവത്തിനെത്തുന്നവർക്ക് ദിവസം മൂന്നുനേരവും അന്നദാനം ഉണ്ടായിരിക്കും. യജ്ഞശാലയിൽ പ്രവേശിക്കുന്നതിന് ടോക്കണുകൾ വിതരണം ചെയ്യും. തിങ്കളാഴ്ച രാവിലെ മാതാ അമൃതാനന്ദമയിയും സംഘവും കന്യാകുമാരിയിലെ സ്വീകരണത്തിൽ പങ്കെടുക്കാൻ പോകും.

നഗരൂർ ഉപതിരഞ്ഞെടുപ്പ്: എൽ.ഡി.എഫിന് വിജയം

ഷിബാന

കിളിമാനൂർ: നഗരൂർ പഞ്ചായത്തിലെ നഗരൂർ വാർഡ് ആറിലേക്ക് നടന്ന ഉപതിരഞ്ഞെടുപ്പിൽ എൽ.ഡി.എഫ് സ്ഥാനാർത്ഥിയായി മത്സരിച്ച സി.പി.എമ്മിലെ എ. ഷിബാനയ്ക്ക് ജയം.

ശക്തമായ ത്രികോണ മത്സരത്തിൽ 141 വോട്ടുകളുടെ ഭൂരിപക്ഷത്തിലാണ് ഷിബാനയുടെ വിജയം.

ആകെ പോൾ ചെയ്ത 1174 വോട്ടുകളിൽ എ. ഷിബാന 505 വോട്ടുകൾ നേടി. യു.ഡി.എഫിലെ സോഫിയാ ബീഗത്തിന് 364 വോട്ടും എസ്.ഡി.പി.ഐയിലെ ഷംല സിയാദിന് 243 വോട്ടും ബി.ജെ.പിയിലെ ഇന്ദിരയ്ക്ക് 62 വോട്ടുമാണ് ലഭിച്ചത്.

കഴിഞ്ഞ തവണ എൽ.ഡി.എഫ് സ്ഥാനാർത്ഥിയായി വിജയിച്ച ബിജു ബീവിക്ക് 118 വോട്ടുകളായിരുന്ന ഭൂരിപക്ഷം. ബിജു ബീവിക്ക് സർക്കാർ ജോലി ലഭിച്ചതിനെ തുടർന്നാണ് വാർഡിൽ ഉപതിരഞ്ഞെടുപ്പ് നടന്നത്. യു.ഡി.എഫിനും എസ്.ഡി.പി.ഐക്കും ശക്തമായ വേരോട്ടമുള്ള വാർഡിൽ എൽ.ഡി.എഫ് തുടർച്ചയായി മൂന്നാം വട്ടമാണ് വിജയിക്കുന്നത്.

എൽ.ഡി.എഫ് സ്ഥാനാർത്ഥിയെ മികച്ച ഭൂരിപക്ഷത്തിൽ വിജയിപ്പിച്ച വോട്ടർമാർക്കും പ്രവർത്തകർക്കും സി.പി.എം കിളിമാനൂർ ഏരിയാ സെക്രട്ടറി അഡ്വ എസ്. ജയചന്ദ്രനും ലോക്കൽ സെക്രട്ടറി എം. ഷിബുവും നന്ദി അറിയിച്ചു.

യുവാവിനെ കുത്തി പരിക്കേല്പിച്ചു

കോവളം: കോവളത്ത് മദ്യലഹരിയിലായിരുന്ന യുവാവിനെ കുത്തി പരിക്കേല്പിച്ചു. കോവളം ബീച്ച് റോഡിൽ നീലകണ്ഠ കോളനിക്ക് സമീപം താമസിക്കുന്ന അഭിലാഷിനെയാണ് (32) കുത്തേറ്റ് പരിക്കുകളോടെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. ഇന്നലെ പുലർച്ചെ 12 ഓടെയായിരുന്നു സംഭവം. കോവളം പാലസ് ജംഗ്ഷനിൽ നിൽക്കുന്ന സമയത്താണ് കത്തി കൊണ്ട് നെഞ്ചിൽ ആഴത്തിൽ കുത്തേറ്റത്. മദ്യലഹരിയിലായിരുന്നതിനാൽ ആരാണ് കുത്തിയതെന്ന് അറിയില്ലെന്ന് അഭിലാഷ് പൊലീസിന് മൊഴി നൽകിയിട്ടുണ്ട്. സുഹൃത്തുക്കളായ രണ്ട് പേരെ പൊലീസ് ചോദ്യം ചെയ്തുവരികയാണ്.

മൈലച്ചൽ വാർഡ് യു.ഡി.എഫ് നിലനിറുത്തി

വീരേന്ദ്ര കുമാർ

വെള്ളറട: ആര്യങ്കോട് ഗ്രാമപഞ്ചായത്തിലെ മൈലച്ചൽ വാർഡിൽ നടന്ന ഉപതിരഞ്ഞെടുപ്പിൽ യു.ഡി.എഫ് സീറ്റ് നിലനിറുത്തി.

യു.ഡി.എഫിലെ വി. വീരേന്ദ്ര കുമാർ 109 വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് വിജയിച്ചത്. യു.ഡി.എഫിലെ വേലപ്പൻ നായരുടെ നിര്യാണത്തെ തുടർന്നാണ് ഉപതിരഞ്ഞെടുപ്പ് നടന്നത്.

ബി.ജെ.പിയുടെ മൈലച്ചൽ രാജേഷ് രണ്ടാം സ്ഥാനത്തെത്തിയപ്പോൾ സി.പി.എം സ്ഥാനാർത്ഥി കെ. ശിവൻകുട്ടി മൂന്നാം സ്ഥാനത്തേക്ക് തള്ളപ്പെട്ടു.

പോളിംഗ് ശതമാനം 86 ആയിരുന്നു. 1300 വോട്ടർമാരുള്ള വാർഡിൽ പോൾ ചെയ്ത 1108 വോട്ടിൽ വീരേന്ദ്ര കുമാറിന് 492, മൈലച്ചൽ രാജേഷിന് 383, കെ. ശിവൻകുട്ടിക്ക് 232 വോട്ടു ലഭിച്ചു.

യു.ഡി.എഫിന്റെ നേതൃത്വത്തിൽ പഞ്ചായത്തിൽ ആഹ്ലാദ പ്രകടനവും ലഡു വിതരണവും നടത്തി.

കാഞ്ചീവരം ശ്രവണശ്രീ അവാർഡുകൾ

തിരുവനന്തപുരം: കാഞ്ചീവരം കലാവേദി ചാരിറ്റബിൾ സൊസൈറ്റി റേഡിയോ ശ്രോതാക്കളായ മുതുകുളം ആർ. ദിലീപിനും മുതുപിലാക്കാട് സാവിത്രി ദേവി അന്തർജനത്തിനും ശ്രവണശ്രീ അവാർഡ് നൽകുന്നു. നാളെ പൂജപ്പുര ശ്രീ ചിത്തിരതിരുനാൾ ആഡിറ്റോറിയത്തിൽ കാഞ്ചീവരം കലാവേദിയുടെ ഒന്നാം വാർഷിക ചടങ്ങിലാണ് അവാർഡ് സമ്മാനിക്കുന്നത്.

ജനവാസമേഖലയിൽ കക്കൂസ് മാലിന്യം തള്ളാനെത്തിയ ലോറി പിടികൂടി

കുളത്തൂർ ഇൻഫോസിസിന് പിറകിൽ മാലിന്യവുമായെത്തിയ ടാങ്കർ ലോറി ചതുപ്പിൽ പുതഞ്ഞ നിലയിൽ.

കുളത്തൂർ: നഗരത്തിലെ ഫ്ലാറ്റുകളിൽ നിന്നുള്ള കക്കൂസ് മാലിന്യം ജനവാസമേഖലയിൽ ഒഴുക്കാനെത്തിയ ടാങ്കർ ലോറി നാട്ടുകാർ പിടികൂടി. ഇന്നലെ പുലർച്ചെ 4ഓടെ കുളത്തൂർ ഇൻഫോസിസിന് പിറകിലെ ഒഴിഞ്ഞ പുരയിടത്തിന് സമീപമായിരുന്നു സംഭവം. റോഡിന് സമീപം ടാങ്കർ ലോറി ഒതുക്കിയിട്ട് മാലിന്യം ഒഴുക്കിക്കളയാൻ ശ്രമിക്കവെ ലോറിയുടെ പിൻഭാഗത്തെ ടയർ ചതുപ്പിൽ പുതഞ്ഞു.

ഡ്രൈവറും കരാറുകാരനും ചേർന്ന് ലോറി ചതുപ്പിൽ നിന്ന് കയറ്റാൻ ശ്രമിച്ചെങ്കിലും നടന്നില്ല. ഇതോടെ ക്രെയിൻ എത്തിച്ച് ലോറി റോഡിലേക്ക് വലിച്ചു കയറ്റാൻ ശ്രമിച്ചു. ഇതിനിടെ ശബ്ദം കേട്ടുണർന്ന നാട്ടുകാർ വാർഡ് കൗൺസിലർ ശിവദത്തിന്റെയും കിഴക്കുംകര റസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികളുടെയും നേതൃത്വത്തിൽ സംഘടിച്ചെത്തിയതോടെ ഡ്രൈവറും കരാറുകാരനും ലോറി ഉപേക്ഷിച്ച് ഓടി രക്ഷപ്പെട്ടു. തുടർന്ന് രാവിലെ 8 ഓടെ നഗരസഭയുടെ കുളത്തൂർ സോണൽ ഓഫീസിലെ ഹെൽത്ത് ഇൻസ്പെക്ടർ സന്തോഷ്, ജെ.എച്ച്.എ. അനിൽ, അസിസ്റ്റന്റ് സൈമൺ എന്നിവർ സ്ഥലത്തെത്തി ബന്ധപ്പെട്ട ഫ്ലാറ്റുകാർക്കെതിരെ നോട്ടീസ് നൽകി.

വേദനയുടെ ഒരുവർഷം (13.01.2018)

ജി. മദനൻ
ഉഷസ്, ശിവോദയം റോഡ്, വെള്ളായണി.
ദുഃഖിതയായ ഭാര്യ: രാംപതീദേവി (അംബിക).
മക്കൾ: രതീഷ്. എം, ജയരേഖ ആർ. ബിനോയ്,
മരുമക്കൾ: അഞ്ജു രതീഷ്, ബിനോയ് നാരായണൻ.

ദർശന സ്കൂളിൽ സുവർണ ജൂബിലി ആഘോഷം

തിരുവനന്തപുരം: നെടുമങ്ങാട് ദർശന ഹയർസെക്കൻഡറി സ്കൂൾ സുവർണജൂബിലി ആഘോഷം ഇന്ന് ഉച്ചയ്ക്ക് 2ന് സ്കൂൾ ഓഡിറ്റോറിയത്തിൽ നടക്കും. നടൻ മധു ഉദ്ഘാടനം ചെയ്യും. എം.എൽ.എമാരായ സി. ദിവാകരൻ, കെ.എസ്. ശബരീനാഥൻ, ഡി.കെ. മുരളി എന്നിവരും ഡോ. ബി.സി ബാലകൃഷ്ണൻ, പ്രൊഫ. നബീസാ ഉമ്മാൾ എന്നിവരും പങ്കെടുക്കും. തുടർന്ന് സ്കൂൾ അലുമ്നി അസോസിയേഷന്റെ നേതൃത്വത്തിൽ കലാപരിപാടികൾ അരങ്ങേറും.

ഈറ്റ തൊഴിലാളികൾക്കായി സഹായ പദ്ധതി നടപ്പാക്കണം: ബാംബൂ കോർപറേഷൻ

കെ.എസ്.സുജിലാൽ

നെടുമങ്ങാട്: സർക്കാർ സഹായ പദ്ധതികളില്ലാത്തതിനാൽ പരമ്പരാഗതമേഖലയിൽ പണിയെടുക്കുന്ന ഈറ്റ തൊഴിലാളികൾ സംരക്ഷണത്തിന് പനമ്പ് നെയ്ത്ത് വിട്ടുപോകുകയാണെന്ന് ബാംബൂ കോർപറേഷൻ മാനേജിംഗ് ഡയറക്ടർ എ.എം. അബ്ദുൽ റഷീദും ചെയർമാൻ കെ.ജെ. ജേക്കബും പറഞ്ഞു. ഈറ്റ മേഖലയെ സംരക്ഷിക്കാൻ പ്രത്യേക പാക്കേജ് നടപ്പിലാക്കണം. 'കേരളകൗമുദി' കഴിഞ്ഞ ദിവസം പ്രസിദ്ധീകരിച്ച 'ഈറ്റ തൊഴിൽ നീറ്റലിൽ' എന്ന റിപ്പോർട്ടിനോട് പ്രതികരിക്കുകയായിരുന്നു അവർ.

കൃത്യമായി കൂലി ലഭിക്കാത്തതിനാൽ ഈറ്റ, തഴ, കാട്ടുവള്ളി മേഖലയിലെ തൊഴിലാളികൾ കുടുംബം പുലർത്താൻ തൊഴിലുറപ്പ് ജോലിക്കാണ് ഇപ്പോൾ പോകുന്നത്. ജില്ലയിൽ പണിയെടുക്കുന്ന ഭൂരിപക്ഷം തൊഴിലാളികളും 60 വയസിന് മേൽ പ്രായമുള്ള വിദഗ്ദ്ധ തൊഴിലാളികളാണ്.

ഇടമലയാർ, പൂയംകുട്ടി, അടിമാലി മേഖലയിലെ ഗുണനിലവാരം കൂടിയ ഈറ്റ ലഭിച്ചാൽ നല്ല പനമ്പ് നെയ്യുന്നതിനും ഇവരുടെ ജീവിതം മെച്ചപ്പെടുന്നതിനും സാധിക്കും.

തൊഴിലുറപ്പിന് പോയാൽ ഒരു ദിവസം 250 രൂപ കൃത്യമായി കിട്ടുമെന്നതിനാലാണ് ഇവരെല്ലാം ഇപ്പോൾ അതിലേക്ക് ആകൃഷ്ടരാകുന്നത്.

ഈ കൂലിപോലും ഈറ്റ മേഖലയിൽ പണിയെടുക്കുന്നവർക്ക് ലഭിക്കുന്നില്ല. മാസങ്ങളായി ഡി.എയും ലഭിക്കുന്നില്ല.

തൊഴിലാളികൾ കുറയുന്നതോടെ ആവശ്യത്തിനുള്ള പനമ്പ് കിട്ടാതെ ബാംബൂ കോർപറേഷനും പ്രതിസന്ധി നേരിടുകയാണ്.

സർക്കാരിൽ നിന്ന് സഹായങ്ങൾ കൃത്യസമയത്ത് ലഭിക്കാത്തത് കാരണം ബാംബൂ കോർപറേഷന് പ്രതിസന്ധി മറികടക്കാൻ കഴിയില്ലെന്നും ഇവർ പറഞ്ഞു.

KAUMUDI FOLLOW UP

ഈറ്റത്തൊഴിൽ നീറ്റലിൽ

അവഗണനയുടെ ജീവിതങ്ങൾ

കഴിഞ്ഞ ദിവസം കേരളകൗമുദി പ്രസിദ്ധീകരിച്ച വാർത്ത

ചിരിയുടെ കാക്കിക്കുപ്പായമണിഞ്ഞ്
പാഷാണം ഷാജിയും കൂട്ടരും
ICL Fincorp
CI SHIBU SI
എല്ലാ ശനിയാഴ്ചയും
രാത്രി 9 മണിക്ക്
KaumudyTV
വലിയ വാർത്തകളുടെ തത്സമയം
ഓരോ മണിക്കൂറിലും
Kaumudy Headlines
രാവിലെ 10:30 മുതൽ
രാത്രി 9:30 വരെ
Kaumudy TV - Channel Position Numbers
videocon 613
airtel 839
TATA Sky 1845
ZING 713
35
DEN 612
SITI 108
ACV 116
For Advertisement North Zone - 9946108315 | Central Zone - 9946108251 | South Zone - 9995463872
www.kaumudy.tv www.youtube.com/kaumudy Contact - 9946103729